**File No.LBRD-C3/213/2018-LBRD**

314
4/1/19

3/1/19

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തൊഴിലും നൈപുണ്യവും വകുപ്പ് - കാസർഗോഡ് ജില്ലയിലെ പീലിക്കോട് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തൊഴിലും നൈപുണ്യവും (സി) വകുപ്പ്**

**സ.ഉ.(കൈ) നം.2/2019/തൊഴില്** തീയതി,തിരുവനന്തപുരം, 02/01/2019

പരാമർശം:- ട്രെയിനിംഗ് ഡയറക്ടറുടെ 21.06.2018, 13.12.2018 എന്നീ തീയതികളിലെ ഐ4/17020/2018 എന്ന നമ്പർ കത്തുകൾ

**ഉത്തരവ്**

2018-19 ബഡ്ജറ്റിൽ സംസ്ഥാനത്ത് പുതിയ ഐ.ടി.ഐകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 9 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിലെ പീലിക്കോട് എന്ന സ്ഥലത്ത് ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, വെൽഡർ, ഇലക്ട്രോണിക് മെക്കാനിക് എന്നീ 4 ട്രേഡുകളുടെ 2 വീതം യൂണിറ്റുകൾ ഉൾപ്പെടുത്തി പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിനുള്ള വിശദമായ ശിപാർശ പരാമർശത്തിലെ കത്തുകൾ പ്രകാരം ട്രെയിനിംഗ് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിരുന്നു. പീലിക്കോട് ഐ.ടി.ഐ തുടങ്ങുന്നതിന് വേണ്ടി പീലിക്കോട് ഗ്രാമ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന കരത്തക്കാവ് ദേവസ്വം വക സ്കൂൾ കെട്ടിടം, ഇക്കാര്യത്തിൽ സ്ഥിരം സംവിധാനം നിലവിൽ വരുന്നതുവരെ സൗജന്യമായി ലഭ്യമാക്കാമെന്ന് പീലിക്കോട് ഗ്രാമ പഞ്ചായത്ത് അധികൃതർ സമ്മതം അറിയിച്ചതായും ട്രെയിനിംഗ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നിലവിൽ ലഭ്യമായ സ്ഥല സൗകര്യം രണ്ട് ട്രേഡുകൾ തുടങ്ങുന്നതിന് മാത്രമേ പര്യാപ്തമായിട്ടുള്ളൂ. ആയതിനാൽ ഐ.ടി.ഐ സ്ഥാപിക്കുന്നതിനുള്ള സ്ഥലവും കെട്ടിടവും ഫർണിച്ചറും ബന്ധപ്പെട്ട തദ്ദേശ സ്വയം ഭരണ സ്ഥാപനം ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, വെൽഡർ, ഇലക്ട്രോണിക് മെക്കാനിക് എന്നീ 4 ട്രേഡുകളുടെ 2 യൂണിറ്റുകൾ വീതം അനുവദിച്ചു കൊണ്ടും അവയ്ക്കാവശ്യമായ ചുവടെ ചേർക്കും പ്രകാരമുള്ള 11 തസ്തികകൾ സൃഷ്ടിച്ചു കൊണ്ടും കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഒരു പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | തസ്തികയുടെ പേര് | ശമ്പള നിരക്ക് | എണ്ണം |
|---|---|---|---|
| 1 | പ്രിൻസിപ്പൽ ക്ലാസ്സ് - II | 42500 - 87000 | 1 |
| 2 | ജൂനിയർ ഇൻസ്ട്രക്ടർ | 26500 - 56700 | 8 |

| | | | |
|---|---|---|---|
| 3 | ക്ലർക്ക് | 19000 – 43600 | 1 |
| 4 | ഓഫീസ് അറ്റന്റന്റ് | 16500 – 35700 | 1 |

3) കൂടാതെ ടി ഐ.ടി.ഐ ൽ രണ്ട് വാച്ച്മാൻമാരെ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ ഡവലപ് മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷനിൽ നിന്നും ഒരു ശുചീകരണത്തൊഴിലാളിയെ കുടുംബശ്രീയിൽ നിന്നും നിയോഗിക്കുന്നതിനും അനുമതി നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Dr.ആഷ തോമസ് ഐ എ എസ്
അഡീഷണല് ചീഫ് സെക്രട്ടറി

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്. (912376/LBR-2/17/2018/Fin. തീയതി 06/09/2018 പ്രകാരം)
പൊതുഭരണ (എസ് സി) വകുപ്പ്. (ഇനം നമ്പർ. 2714, തീയതി 19.12.2018)
വിവര പൊതുജന സമ്പർക്ക (വെബ്ബ് & ന്യൂ മീഡിയാ) വകുപ്പ്. ( സർക്കാരിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by BINDUMOL THOMAS
Date: 2019.01.03 13:12:35 IST
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. തൊഴിലും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 19-12-2018

ഫയൽ നം.സി3/213/2018/തൊഴിൽ ഇനം നം: 2714

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - കാസർഗോഡ് ജില്ലയിലെ പീലിക്കോട് പുതിയ സർക്കാർ ഐ.ടി.ഐ. ആരംഭിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

ടോം ജോസ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

കേരള സർക്കാർ
(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)
മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

2714

| | | |
|---|---|---|
| 1. | ഫയൽ നമ്പർ | : സി3/213/2018/തൊഴിൽ |
| 2. | വകുപ്പ് | : തൊഴിലും നൈപുണ്യവും (സി) വകുപ്പ് |
| 3. | വിഷയം | : കാസർഗോഡ് ജില്ലയിലെ പീലിക്കോട് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നത് സംബന്ധിച്ച് |
| 4. | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : 07/12/2018 |
| 5. | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : അതെ |
| | (ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഉണ്ട് |
| 6. | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ: ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : ഇല്ല |
| 7. | കുറിപ്പ് സമർപ്പിച്ച ഡെപ്യൂട്ടി സെക്രട്ടറിയുടെ പേര് | : ശ്രീ. അനിൽകുമാർ.സി |
| 8. | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | : ഡോ. ആഷ തോമസ് ഐ.എ.എസ് |
| 9. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 15/12/2018 |
| 10. | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : ശ്രീ. ടോം ജോസ് ഐ.എ.എസ് |
| 11. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : 18/12/2018 |
| 12. | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : ശ്രീ. ടി.പി.രാമകൃഷ്ണൻ |
| 13. | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : 18/12/2018 |
| 14. | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : 18/12/2018 |
| 15. | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : |
| 16. | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | : |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കാസർഗോഡ് ജില്ലയിലെ പീലിക്കോട് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2) 2018-19 ബഡ്ജറ്റ് പ്രകാരം, പീലിക്കോട് ഉൾപ്പെടെ സംസ്ഥാനത്ത് 5 പുതിയ ഐ.ടി.ഐകൾ സ്ഥാപിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിലേയ്ക്കായി 9 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

3) ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, വെൽഡർ, ഇലക്ട്രോണിക് മെക്കാനിക് എന്നീ ട്രേഡുകളുടെ 2 വീതം യൂണിറ്റുകളോടുകൂടി പീലിക്കോട് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിനും ഇതിനാവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള ശിപാർശയാണ് ട്രെയിനിംഗ് ഡയറക്ടർ സമർപ്പിച്ചത്. ഈ ഇനത്തിൽ 180.17 ലക്ഷം രൂപ ചെലവ് പ്രതീക്ഷിച്ചിരുന്നു.

4) ഈ വിഷയത്തിൽ ധനകാര്യവകുപ്പ് താഴെ പറയും പ്രകാരം അഭിപ്രായപ്പെട്ടു.

*"കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഡ്രാഫ്റ്റ്സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, വെൽഡർ, ഇലക്ട്രോണിക് മെക്കാനിക്ക് എന്നീ 4 ട്രേഡുകളുടെ രണ്ട് യൂണിറ്റുകളോടു കൂടിയ ഐ.റ്റി.ഐ.. ആരംഭിക്കുന്നതിനുള്ള അനുമതിയും അതിന്റെ പ്രവർത്തനത്തിനായി ചുവടെ കൊടുത്തിരിക്കുംപ്രകാരം തസ്തികകൾ സൃഷ്ടിക്കുന്നതിനും ഉള്ള അനുമതി നൽകുന്നു .*

| *നം* | *തസ്തിക* | *എണ്ണം* | *ശമ്പള സ്കെയിൽ* | *വാർഷിക ബാദ്ധ്യത* |
|---|---|---|---|---|
| 1 | *പ്രിൻസിപ്പൽ ക്ലാസ്സ് II* | 1 | *42500-87000* | *646100* |
| 2 | *ജൂനിയർ ഇൻസ്ട്രക്ടർ* | 8 | *26500-56700* | *3245800* |
| 3 | *ക്ലാർക്ക്* | 1 | *19000-43600* | *294580* |

| | | | | |
|---|---|---|---|---|
| 4 | ഓഫീസ് അറ്റന്റന്റ് | 1 | 16500-35700 | 257530 |
| | ആകെ | 11 | 44,44,010 | |

കൂടാതെ രണ്ട് വാച്ച്മാൻമാരെ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ ഡെവലപ്മെന്റ് ആന്റ് റീഹാബിലിറ്റേഷൻ കോർപ്പറേഷനിൽ നിന്നും, ഒരു ശുചീകരണത്തൊഴിലാളിയെ കുടുംബശ്രീയിൽ നിന്നും നിയോഗിക്കാവുന്നതാണ്.

ഇതിന് ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട് "

5) പീലിക്കോട് ഐ.ടി.ഐ തുടങ്ങുന്നതിനു വേണ്ടി പീലിക്കോട് ഗ്രാമപഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കരത്തകാവ് ദേവസ്വം വക സ്കൂൾ കെട്ടിടത്തിൽ ക്ലാസ്സ് റൂമിനും ഓഫീസ് റൂമിനുമായി 199 ചതുരശ്രമീറ്ററും വർക്ക്ഷോപ്പുകൾക്കായി 257 ചതുരശ്രമീറ്ററും സ്ഥിരം സംവിധാനം നിലവിൽ വരുന്നതുവരെ സൗജന്യമായി ലഭ്യമാക്കാമെന്ന് പീലിക്കോട് ഗ്രാമപഞ്ചായത്ത് അധികൃതർ സമ്മതം അറിയിച്ചിട്ടുണ്ടെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഈ സ്ഥലസൗകര്യം 2 ട്രേഡുകൾ (4 യൂണിറ്റുകൾ) തുടങ്ങുവാൻ മാത്രമേ പര്യാപ്തമായിട്ടുള്ളൂ. തുടർന്ന് ആവശ്യമുള്ളസ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മറ്റ് 2 ട്രേഡുകൾ കൂടി ആരംഭിക്കുന്നതാണ്.

6) 4 ട്രേഡുകൾ ആരംഭിക്കുന്നതിനാവശ്യമായ ഉപകരണങ്ങൾക്കും ഓഫീസ് ഫർണിച്ചറുകൾക്കുമായി ഏകദേശം ഒരു കോടി രൂപ ചിലവ് പ്രതീക്ഷിക്കുന്നു. ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന ട്രേഡ് യൂണിറ്റുകളുടെ എണ്ണത്തിന് അനുസൃതമായിട്ടായിരിക്കും ഉപകരണം / സ്റ്റാഫ് ഇനത്തിൽ തുക ചെലവഴിക്കുന്നത്.

7) പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

1. ഐ.ടി.ഐ സ്ഥാപിക്കുന്നതിനുള്ള സ്ഥലവും കെട്ടിടവും ഫർണിച്ചറും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനം ലഭ്യമാക്കണമെന്ന നിബന്ധനയ്ക്ക് വിധേയമായി, ഡ്രാഫ്റ്റ് സ്മാൻ സിവിൽ, ഇലക്ട്രീഷ്യൻ, വെൽഡർ. ഇലക്ട്രോണിക് മെക്കാനിക് എന്നീ 4 ട്രേഡുകളുടെ 2 യൂണിറ്റുകൾ വീതം അനുവദിച്ചുകൊണ്ടും ധനകാര്യ വകുപ്പ് നിർദ്ദേശിച്ചതനുസരിച്ചുള്ള 11 തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും കാസർഗോഡ് ജില്ലയിലെ പീലിക്കോട് പുതിയ സർക്കാർ ഐ.ടി.ഐ ആരംഭിക്കുന്നതിന് അനുമതി നൽകാവുന്നതാണോ?

2. പ്രസ്തുത ഐ.ടി.ഐയിൽ 2 വാച്ച്മാൻമാരെ കേരള സ്റ്റേറ്റ് എക്സ് സർവ്വീസ് മെൻ ഡവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷൻ മുഖേനയും ഒരു ശുചീകരണ തൊഴിലാളിയെ കുടുംബശ്രീ മുഖേനയും നിയോഗിക്കുന്നതിനും അനുമതി നൽകാവുന്നതാണോ?.